LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

123(2378) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം നിയമസഭാ മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കി എന്ന് അറിയിക്കുമോ ;

(ബി) മറ്റു മണ്ഡലങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂർ, തലശ്ശേരി, അഴീക്കോട് എന്നീ മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായി.

(ബി) തളിപ്പറമ്പ്, പയ്യന്നൂർ, എടക്കാട്, പെരുങ്കളം, കുത്തുപറമ്പ് എന്നീ നിയോജക മണ്ഡലങ്ങളിൽ മാർച്ച് 31-നകം സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇരിക്കൂർ, പേരാവൂർ എന്നീ മണ്ഡലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പൂർത്തീകരിക്കുന്നതാണ്.

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അംഗീകൃത മൂലധനവും കടബാധ്യതയും

124(2377) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലെ അംഗീകൃത മൂലധനം കടബാധ്യത എന്നിവ യഥാക്രമം എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരിലാണോ കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ കമ്പനിയായി രൂപീകരിക്കുക ;

(സി) എങ്കിൽ ഇതേ പേരിൽ നിലവിലുള്ള കെ.എസ്.ഇ.ബി.-യെ ഒറ്റ കമ്പനിയായി നിലനിർത്തുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കമ്പനി ആക്കുന്നത് സംബന്ധിച്ച് രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപ്പറേഷൻ ഇതിനകം ബോർഡിന് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?